**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3885** **03-03-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ സന്ദർശനത്തിനുള്ള സുരക്ഷാക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023 ഫെബ്രുവരി 3 മുതൽ നാളിതുവരെ മുഖ്യമന്ത്രി വിവിധ ജില്ലകളിൽ നടത്തിയ സന്ദർശനത്തിനുള്ള സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി ഓരോ ജില്ലയിലേയ്ക്കും മറ്റു ജില്ലകളിൽ നിന്നും എത്ര പോലീസുകാരെ വിന്യസിച്ചിരുന്നുവെന്നും പ്രസ്തുത ദിവസങ്ങളിലെ സുരക്ഷാ ചുമതലകൾക്കായി ആകെ എത്ര പോലീസുകാരെ നിയോഗിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. മുഖ്യന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരമുള്ള സുരക്ഷ ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ, പ്രസ്തുത സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.<br><br>മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിലാക്കിയിട്ടില്ല. ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ചു കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതൽ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ സി ആർ പി സി വകുപ്പ് 151 പ്രകാരമുള്ള നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | എത്ര ഡി.വൈ.എസ്.പി. മാർക്ക് പ്രസ്തുത സന്ദർശനത്തിന്റെ ചുമതല നൽകിയിരുന്നുവെന്നും സുരക്ഷാസംവിധാനത്തിന്റെ ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കാമോ; | (ബി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് എത്ര പേരെ കരുതൽ തടങ്കലിലാക്കിയെന്നും ഏതു നിയമപ്രകാരമാണ് കരുതൽ തടങ്കൽ നടപ്പാക്കിയതെന്നും അറിയിക്കാമോ; പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് കരുതൽ തടങ്കലിൽ ആക്കിയവരുടെ വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സന്ദർശനങ്ങൾക്കായി മുഖ്യമന്ത്രി ഹെലികോപ്റ്റർ ഉപയോഗിച്ചിരുന്നോ; എങ്കിൽ ഏത് | (ഡി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഏജൻസിയുടെ ഹെലികോപ്റ്റർ ആണ് ഉപയോഗിച്ചതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; പ്രസ്തുത യാത്രകളിൽ മുഖ്യമന്ത്രിയുടെ എസ്കോർട്ടിനായി ആകെ എത്ര വാഹനങ്ങൾ ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ